# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P.1/74/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 23/02/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P.1/74/2023 തീയ്യതി: 23/02/2023

## ആലപ്പുഴ ജില്ലയിലെ ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2022 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 03-01-2023 | 12-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-01-2023 | 12-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.എൽസമ്മ.എസ്,ഓഡിറ്റ് ഓഫീസർ
ശ്രീമതി.എ.ഡി.ബീന, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.രഞ്ജു പ്രകാശ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ .സുധീഷ് റ്റി എസ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി . ശ്രീദേവി കെ ജി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. പ്രസീജ ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി .ആശ നായർ | കൃഷി ഓഫീസർ | 01-04-2021 | 15-10-2021 |
| ശ്രീമതി . പിന്റു റോയ് വട്ടക്കുന്നേൽ | കൃഷി ഓഫീസർ | 16-10-2021 | 31-03-2022 |
| ശ്രീമതി. ശോഭന പി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 30-06-2021 |
| ശ്രീമതി. ഷിനിമോൾ എൻ ജി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-07-2021 | 31-03-2022 |
| ഡോ . മനു മോഹൻ | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ. ജെയിംസ് പി ജോയി | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 01-04-2021 | 30-04-2021 |
| ഡോ. ശ്രീദേവി | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 30-06-2021 | 31-03-2022 |
| ഡോ. ഷംസുദ്ദീൻ സി എം | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ശ്രീ .സിബു | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി.പ്രവീണ | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 01-04-2021 | 01-10-2021 |
| ശ്രീമതി.ഷിൻഡ്യ | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 02-10-2021 | 31-01-2022 |
| ശ്രീമതി. ലീന ഡെന്നീസ് | സബ് ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ജയശ്രീ നായിക് പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 30-04-2021 |
| ശ്രീ.സത്യ പ്രകാശ് | അസിസ്റ്റന്റ് സെക്രട്ടറി | 01-05-2021 | 15-07-2021 |
| ശ്രീ. രാജേഷ് എസ് | അസിസ്റ്റന്റ് സെക്രട്ടറി | 16-07-2021 | 01-11-2021 |
| ശ്രീമതി. എം ജയശ്രീ | അസിസ്റ്റന്റ് സെക്രട്ടറി | 02-11-2021 | 31-03-2022 |
| ഡോ. റംലത്ത് | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 01-05-2021 | 29-06-2021 |
| ശ്രീ.സാദിഖ് | വില്ലേജ് എക്സ്റ്റെൻഷൻ | 01-04-2021 | 21-06-2021 |

| | | | |
|---|---|---|---|
| | ഓഫീസർ(തിരുനെല്ലൂർ സർക്കിൾ) | | |
| ശ്രീ . മഹേഷ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(തിരുനെല്ലൂർ സർക്കിൾ) | 22-06-2021 | 31-03-2022 |
| ശ്രീ . പ്രശാന്ത് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(ഒറ്റപ്പന്ന) സർക്കിൾ) | 01-04-2021 | 31-03-2022 |
| ശ്രീമതി.മൂല്യ മോഹൻ | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 01-02-2022 | 31-03-2022 |
| ഡോ.ലക്ഷ്മി മോഹൻ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്ക് പരിശോധന -അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് &പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | ഇ-ടെണ്ടർ ഫീസ് | 1-10 |
| 12 | വസ്തു നികുതി നിർണയം - 1790.44 എം2 വിസ്തീർണ്ണമുള്ള കെട്ടിടം - അന്വേഷണ റിപ്പോർട്ടിൽ സെൻട്രലൈസ്ഡ് എ.സി ഉപയോഗം സംബന്ധിച്ച വിവരം കൃത്യമായ രേഖപ്പെടുത്തൽ ഇല്ല | 1-11 |
| 13 | കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചതിൽ അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തിയ അപാകതകൾ പരിഹരിച്ചതായി രേഖപ്പെടുത്താതെ നമ്പർ നല്കി | 1-12 |
| 14 | ഡി ആന്റ് ഒ ലൈസൻസ് - അപാകതകൾ | 1-13 |
| 15 | തൊഴിൽ നികുതി - അപാകതകൾ | 1-14 |
| 16 | പെൻഷൻ ഇനത്തിൽ മരണപ്പെട്ടയാളുകളുടെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ നല്കി | 1-15 |
| 17 | ഡിപ്പോസിറ്റ് രജിസ്റ്റർ പരിശോധന - അപാകതകൾ | 1-16 |
| 18 | ട്രേഡ് ഡിസ്കൗണ്ട് അനുവദിച്ചില്ല- അധികചെലവ് | 1-17 |
| 19 | ലൈബ്രറി സെസ് | 1-18 |
| 20 | ടെക്നിക്കൽ അസിസ്റ്റന്റ് - നിയമന ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-19 |
| 21 | ഐ.കെ.എം. വിഹിതം -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-20 |
| 22 | എ ബി സി പ്രോഗ്രാം വിഹിതം നൽകൽ - അപാകതകൾ | 1-21 |
| 23 | എസ്.എസ്.എ. പഞ്ചായത്ത് വിഹിതം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-22 |
| 24 | വി.ഇ.ഒ.തിരുനെല്ലൂർ സർക്കിൾ- ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-23 |
| 25 | ലൈഫ് മിഷൻ - അഡ്വാൻസ് തുക കൈപ്പറ്റിയവർ പ്രവൃത്തി ആരംഭിച്ചില്ല | 1-24 |
| 26 | മരുന്ന് ലഭ്യമായിട്ടില്ല -തുക തടസ്സപ്പെടുത്തുന്നു | 1-25 |

| | | |
|---|---|---|
| 27 | പയർ വർഗ കൃഷി വ്യാപനം - ഗുണഭോക്തൃവിഹിതം ഈടാക്കിയത് ചെലവഴിച്ചില്ല | 1-26 |
| 28 | കിഴങ്ങ് വിള കൃഷി വ്യാപനം - ഗുണഭോക്തൃവിഹിതം ഈടാക്കിയത് ചെലവഴിച്ചില്ല | 1-27 |
| 29 | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് - പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-28 |
| 30 | ചോളോത്ത് തോട് കൽവർട്ട് നിർമ്മാണം- പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ - പ്രവൃത്തി ആരംഭിച്ചിട്ടില്ല | 1-29 |
| 31 | വിനിയോഗവിവരം ലഭിച്ചില്ല | 1-30 |
| 32 | പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർ നെറ്റ് വർക്ക് - അപാകതകൾ | 1-31 |
| 33 | തൊഴിലുറപ്പ് പദ്ധതിയിൽ കണ്ട അപാകതകൾ | 1-32 |
| 34 | തൊഴിലുറപ്പ് പദ്ധതി-ജി.എസ്.റ്റി.ഈടാക്കിയത് | 1-33 |
| 35 | ടാർ വീപ്പയുടെ വില കുറഞ്ഞ നിരക്കിൽ ഈടാക്കി | 1-34 |
| 36 | ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നു | 1-35 |
| ഭാഗം **2** | | |
| 1 | ഡി. & ഒ. ലൈസൻസ് - ലൈസൻസ് ഫീ കുറവ് ഈടാക്കി | 2-1 |
| ഭാഗം **3** | | |
| 1 | ട്രേഡ് ഡിസ്കൗണ്ട് അനുവദിച്ചില്ല-അധികചെലവ് | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

12/02/2021 തീയതിയിലെ (1) തീരുമാനപ്രകാരം ചുവടെ നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 347065354 | 345090990 |
| വാർഷികകണക്ക് പ്രകാരം | 197470429 | 209600390 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/2022 | 30/07/2022 |

### 1-2-1 വാർഷിക കണക്ക് പരിശോധന -അപാകതകൾ

വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. വാർഷിക കണക്കിൽ, ഷെഡ്യൂൾ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B 17 പ്രകാരം Co-operative Bank Account Own Revenue Fund (450210102) അക്കൌണ്ടിൽ 31362/-രൂപ നീക്കിയിരിപ്പ് ഉള്ളതായി രേഖപ്പെടുത്തിയിരുന്നു. എന്നാൽ, ഇപ്രകാരം ഒരു അക്കൌണ്ട് പഞ്ചായത്തിൽ ആരംഭിച്ചതായി കാണുന്നില്ല.

2. ബാങ്ക് റീകൺസിലിയേഷൻ എസ് ബി ഐ, പൂച്ചാക്കൽ അക്കൌണ്ട് നം.67396098360 ൽ ആയി 01.07.2021 മുതൽ ഓൺലൈൻ ആയി രജിസ്റ്റർ ചെയ്ത അപേക്ഷകൾ ജനന – മരണ – വിവാഹ തുകകൾ 31.03.2022വരെ ബാങ്ക് അക്കൌണ്ടിൽ വരവ് വന്നതായി കാണുന്നില്ല. Cheque Deposited Not Cleared എന്ന ഹെഡ്ഡിൽ 14,957/-രൂപ 31.03.2022 വരെ വരവ് വന്നിട്ടില്ല.

3. വികസന ഫണ്ട് (ജനറൽ) Receipt & Payment Account ഷെഡ്യൂൾ – 7 പ്രകാരം ചെലവ് 1,51,70,550/- രൂപയാണ്. എന്നാൽ, ഏ സി ആർ പ്രകാരം 1,52,21,268/- രൂപയാണ് ചെലവ്.

4.വികസന ഫണ്ട് (ജനറൽ) എന്ന ഇനത്തിലുള്ള ആകെ ചെലവ് 2,13,97,882/- രൂപയാണ് ( Receipt & Payment Account ഷെഡ്യൂൾ – 7 ഉം ഉറവിടത്തിൽ കുറവ് ചെയ്ത തുകയുംചേർത്ത്). എന്നാൽ, ചെലവ് പത്രിക പ്രകാരം 20368928/- രൂപയാണ്.

5.വികസന ഫണ്ട് (എസ് സി പി) എന്ന ഇനത്തിലുള്ള ആകെ ചെലവ് 71,51,000/- രൂപയാണ് (Receipt & Payment Account ഷെഡ്യൂൾ – 7 ഉം ഉറവിടത്തിൽ കുറവ് ചെയ്ത തുകയുംചേർത്ത്). എന്നാൽ, ചെലവ് പത്രിക പ്രകാരം 71,45,000/- രൂപയാണ്.

6.ധനകാര്യകമ്മീഷൻ അവാർഡ് എന്ന ഇനത്തിൽ ഏ സി ആർ പ്രകാരം 66,64,372/- രൂപയാണ് ചെലവ്. വാർഷിക കണക്ക് പ്രകാരം 56,82,338/- രൂപയാണ് ചെലവ്. സുലേഖ പ്രകാരം 62,11,612/- രൂപയാണ് ചെലവ്.

7.ഐ സി ഡി എസ് സൂപ്പർവൈസർ, വികസന ഫണ്ട് (ജനറൽ) എന്ന ഇനത്തിൽ നിന്നും ചെലവഴിച്ച 11,718/-രൂപ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ടി തുക അർഹതപ്പെട്ട വ്യക്തിയുടെ അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുമുണ്ട്.

8. 2019-20 വർഷം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ കൈപ്പറ്റിയ തുകയിൽ 9000/- രൂപ B18 Schedule അവശേഷിക്കുന്നു.

9.ഡിപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

10. വസ്തുനികുതി ഇനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള തുകകളും സഞ്ചയ സോഫ്റ്റ്‌വെയറിലെ തുകകളും തമ്മിൽ യോജിക്കുന്നില്ല.

11.നിക്ഷേപ പ്രവൃത്തികൾക്കായി Receipt & Payment Account ഷെഡ്യൂൾ പ്രകാരം ചെലവൊന്നും ഇല്ല. എന്നാൽ, തൻ വർഷത്തെ സുലേഖ ചെലവ് പത്രക പ്രകാരം സെക്രട്ടറിയുടെ 179/22നമ്പർ പ്രോജക്റ്റ് പ്രകാരം, 41724/-ചെലവഴിച്ചിട്ടുണ്ട്.

12.കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) റൂൾസ് 2011, പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട താഴെ ചേർക്കുന്നവ 2021-2022 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

എ)റൂൾ 62(2)(ഇ) പ്രകാരം, അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ-പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ.

ബി)റൂൾ 62(2)(എഫ്)പ്രകാരം, അടിസ്ഥാന അനുപാതങ്ങൾ-അക്കൗണ്ട് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ.

സി)റൂൾ 62(3) പ്രകാരം, ഈ ചട്ടങ്ങൾ ബാധകമാക്കുന്ന ആദ്യ വർഷത്തിലൊഴികെ എല്ലാ വർഷങ്ങളിലും മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/09.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് &പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 24451632 |
| വരവ് | 72021539 |
| ആകെ | 96473171 |
| ചെലവ് | 76419667 |
| നീക്കിയിരിപ്പ് | 20053504 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി. ആർ പ്രകാരം) | ഉറവിടത്തിൽ കുറവ് ചെയ്തത് | ആകെ | ചെലവ് (എ.സി. ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 15251668 | 6227332 | 21479000 | 21397882 | 81118 (ലാപ്സായി) |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 7510733 | 410667 | 7921400 | 7151000 | 770400 (ലാപ്സായി) |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 128588 | 29334 | 157922 | 142000 | 15922(ലാപ്സായി) |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 7117785 | 00 | 7117785 | 3866080 | 3251705 (ലാപ്സായി) |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 8129785 | 00 | 8129785 | 1620562 | 6509223 (ലാപ്സായി) |
| ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ് & അൺ ടൈഡ് ) | 0 | 13667797 ( 84828 പലിശ ഉൾപ്പെടെ ) | 00 | 13667797 | 5682338 | 7035184 (Bank) 950275 (ലാപ്സായി) |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 161 | 211173182 | 104 | 55451528 | 37 | 20 | 64.59% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 751951 | 1259496 | 2011447 | 2008788 | 2659 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 66994212 | 66994212 | 66994212 | |
| ആകെ | 751951 | 68253708 | 69005659 | 69003000 | 2659 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 407400 | 421 |
| കർഷകതൊഴിലാളി പെൻഷൻ | 4308000 | 283 |
| വിധവാപെൻഷൻ | 13151800 | 963 |
| വാർദ്ധക്യകാല പെൻഷൻ | 37188800 | 3239 |
| വികലാംഗ പെൻഷൻ | 6375000 | 430 |
| അവിവാഹിത പെൻഷൻ | 1155600 | 76 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 150000 | 5 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3.1.2023 തീയതിയിൽ 3P.M സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20219/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1.ഗ്രാമപഞ്ചായത്തിലെ ദൈനംദിനപ്രവർത്തനങ്ങൾ സുതാര്യവും ജനകീയവും ആക്കി മാറ്റുന്നതിനായി 02.07.09 ലെ, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നം. ഉത്തരവു പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം സ്ഥാപനത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നു.
2.ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം പൊതുവെ തൃപ്തികരമാണ്.
3.പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ എല്ലാം നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
4.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. റോഡ് രജിസ്റ്റർ, റോഡ് കണക്ടിവിറ്റി രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല.
5.സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.
6.വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
7.സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
8.ഡി&ഒ ലൈസൻസ് അനുവദിക്കുമ്പോൾ സ്ഥാപനം ആവശ്യമായ എല്ലാ സാക്ഷ്യപത്രങ്ങളും ഹാജരാക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
9. ഓരോ വർഷത്തേക്കും കരാർ വ്യവസ്ഥയിൽ നിയമിതരാകുന്നവരുടെ കാലയളവ് ദീർഘിപ്പിച്ചു നൽകുമ്പോൾ കരാർ പുതുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

## 1-10 ഇ-ടെണ്ടർ ഫീസ്

ഗ്രാമ പഞ്ചായത്ത് 2019-20 മുതൽ 2021-2022 വർഷം വരെ ഇ-ടെന്റർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെന്റർ ഫീസിനത്തിൽ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈനായി ക്രെഡിറ്റ് വന്ന തുകയായ 75,326/-രൂപ ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതും ബ്ലോക്ക് പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് കൈമാറേണ്ടതുമാണ്.

## 1-11 വസ്തു നികുതി നിർണയം - 1790.44 എം2 വിസ്തീർണ്ണമുള്ള കെട്ടിടം - അന്വേഷണ റിപ്പോർട്ടിൽ സെൻട്രലൈസ്ഡ് എ.സി ഉപയോഗം സംബന്ധിച്ച വിവരം കൃത്യമായ രേഖപ്പെടുത്തൽ ഇല്ല

2021-22 വർഷത്തെ അസസ്മെന്റ് (സഞ്ചയ പ്രകാരമുള്ളത്) പരിശോധിച്ചതിൽ, ശ്രീ. വി.എൻ. ബാബു & ശാന്ത ബാബു വെളിയിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള 1790.44 എം$^2$ വിസ്തീർണ്ണമുള്ള വെളിയിൽ കാസൽ എന്ന ബിൽഡിംഗിന് 16/65 B മുതൽ Y വരെ നമ്പർ നല്കി വസ്തു നികുതി നിർണയിച്ച് നല്കിയിട്ടുണ്ട്. ടി കെട്ടിടത്തിന് ലോഡ്ജ്, കല്യാണ മണ്ഡപം, വാണിജ്യാവശ്യത്തിനുള്ള 100 എം$^2$ - ന് മുകളിലുള്ള ഹോട്ടൽ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയാണ് നിർണയിച്ചിട്ടുള്ളത്. 1790.44 എം$^2$ വിസ്തീർണ്ണമുള്ള ടി കെട്ടിടത്തിൽ എത്ര മുറികളിൽ ഫുൾ എയർ കണ്ടീഷൻ ചെയ്തിട്ടുള്ളതാണ് എന്നും ടി കെട്ടിടത്തിന്റെ നിർണയ ഫയലിൽ, ടി സ്ഥാപനത്തിൽ സെൻട്രലൈസ്ഡ്

എ.സി ഉപയോഗിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് അന്വേഷണ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടില്ല. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 15/15.09.2023) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ, ടി കെട്ടിടത്തിലെ എല്ലാ മുറികളിലും എ.സി സപ്ലൈ സംബന്ധിച്ച് ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-12 കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചതിൽ അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തിയ അപാകതകൾ പരിഹരിച്ചതായി രേഖപ്പെടുത്താതെ നമ്പർ നല്കി

ശ്രീ. സുരേഷ് വാസുദേവൻ & ശ്രീമതി ശ്രീലത സുരേഷ്, മിൽ ഹൌസ്, പാണാവള്ളി എന്നയാളുടെ ഉടമസ്ഥതയിലുള്ള കോൾഡ് സ്റ്റോറേജ് പ്രവർത്തിപ്പിക്കുന്നതിനായി 2018-19 വർഷം പെർമിറ്റ് അനുവദിച്ചു. (പെർമിറ്റ് നം. /തീയതി – സി 2 – 130/2019/15.01.2019 ഏരിയ – 889.52m2) . ടിയാൾ 23.09.2020ൽ നികുതി നിർണയിക്കുന്നതിനായി കംപ്ലീഷൻപ്ലാൻ സമർപ്പിച്ചു. ടി ഫയൽ 13.10.2020 - ൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് അന്വേഷണത്തിനായി കൈമാറി.
അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ താഴെ ചേർക്കുന്ന അപാകതകൾ രേഖപ്പെടുത്തിയിട്ടുണ്ട്.
1.കംപ്ലീഷൻ പ്ലാനിൽ സർവ്വേ നമ്പർ 213/14 എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പെർമിറ്റ് അപേക്ഷ സമർപ്പിച്ചപ്പോഴുള്ള രേഖകളിൽ സർവ്വേ നമ്പർ 213/14- 3 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
2.ബിൽഡിംഗ് ഹൈറ്റ് 10 മീറ്ററിൽ കൂടുതലായി കാണുന്നു. സമർപ്പിച്ച പ്ലാനിൽ 10 മീറ്ററിൽ താഴെയാണ് കാണുന്നത്.
3.ഷെയിഡ് പ്രോജക്ഷൻ പ്ലാനിൽ കാണിച്ചിട്ടില്ല. സൈറ്റ് വേരിഫിക്കേഷൻ നടത്തിയപ്പോൾ 2 മീറ്ററിൽ കൂടുതൽ ഉള്ളതായി കാണുന്നു. ആയത് പാസേജ് ആയി ഉപയോഗിക്കുന്നതിനാലും റൂട്ട് പ്രൊജക്ഷൻ ഷെയിഡ് പ്രൊജക്ഷനെക്കാളും കൂടുതൽ ഉള്ളതിനാലും ആയത് പ്രകാരമുള്ള സെറ്റ് ബാക്ക് തെക്ക് ഭാഗത്ത് കാണുന്നില്ല.
4.ശുചീകരണ സൌകര്യം റൂൾ പ്രകാരം കാണുന്നില്ല.
5.ലിക്വിഡ് വേസ്റ്റ് ട്രീറ്റ് മെൻറ് പ്ലാന്റ്, റീസൈക്കിൾ ആൻറ് റീയൂസിംങ് വേസ്റ്റ് വാട്ടർ എന്നിവ വ്യവസ്ഥ ചെയ്തതായി കാണുന്നില്ല.
6.അപേക്ഷന്റെ പേരിലുള്ള 24.62 ആർസ് സ്ഥലത്തിൽ കോൾഡ് സ്റ്റോറേജ് പണിയുന്നതിനാണ് പെർമിറ്റ് വാങ്ങിയിരിക്കുന്നത്. സൈറ്റ് വേരിഫിക്കേഷൻ നടത്തിയപ്പോൾ 24.62 ആർസിൽ കൂടുതൽ സ്ഥലം ഉള്ളതായി കാണുന്നു. ആകയാൽ നിലവിലുള്ള പ്ലോട്ട് ഏരിയയ്ക്ക് അനുസരിച്ച് പ്ലാൻ ക്രമവൽക്കരിച്ച് പുനർ സമർപ്പിക്കേണ്ടതാകുന്നു. പ്ലോട്ട് ഏരിയയിൽ വ്യത്യാസമുള്ളതിനാൽ താലൂക്ക് സർവ്വേയറുടെ അതിരളവുകളോടുകൂടിയ ലോക്കേഷൻ സ്കെച്ച് കൂടി സമർപ്പിക്കേണ്ടതാണ്.
7.കോൾഡ് സ്റ്റോറേജ് സമർപ്പിക്കുന്നതിനായി ഏത് വാതകമാണ് ഉപയോഗിക്കുന്നതെന്നും 1kg/cm2 എന്ന മർദത്തിൽ ഉപയോഗിക്കപ്പെടുന്ന വാതകത്തിന്റെ അളവ് ($M^3$) വ്യക്തമാക്കേണ്ടതാണ്.
എന്നിങ്ങനെയുള്ള അപാകതകൾ ഉള്ള വിവരം അറിയിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ ഫയൽ കൈമാറി. മേൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി 06.11.2020- ൽ ടി വ്യക്തിയ്ക്ക് കത്ത് നല്കി. തുടർന്ന്, 22.01.2021 ൽ പുതുക്കിയ അപേക്ഷയും ബിൽഡിംഗ് പ്ലാനും സമർപ്പിച്ചതിനെ തുടർന്ന് അനന്തര നടപടികൾക്കായി 22.01.2021 ൽ ഫയൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറി. എന്നാൽ, ടി ഫയൽ പരിശോധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിക്കുന്നതിന് മുമ്പ് ഫയൽ തിരികെ വാങ്ങി 28.01.2021 ൽ ടി കെട്ടിടത്തിന് നമ്പർ നല്കി (6/317/A).
വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 29/10.01.2023 ) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ, ടി കെട്ടിടത്തിന്റെ നികുതി നിർണയിക്കുന്നതിന് മുമ്പായി അസിസ്റ്റന്റ് എഞ്ചിനീയർ ചൂണ്ടിക്കാണിച്ച അപാകത പരിഹരിച്ചതായും കേരളാ പഞ്ചായത്ത് ബിൽഡിംഗ് ചട്ടങ്ങൾ പാലിച്ച് നിർമ്മിച്ച കെട്ടിടമാണെന്ന് അംഗീകരിച്ചതായും റിപ്പോർട്ട് ചെയ്യാത്തതുമായ കെട്ടിടത്തിന് നമ്പർ നല്കിയ നടപടി ക്രമ വിരുദ്ധമാണ്. ടി വിവരം ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് മുഖേന സർക്കാരിലേയ്ക്ക് അറിയിക്കുവാൻ നടപടി സ്വീകരിയ്ക്കേണ്ടതാണ്.

## 1-13 ഡി ആന്റ് ഒ ലൈസൻസ് - അപാകതകൾ

1) പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ലൈസൻസ് എടുക്കുന്നതായി കാണുന്നില്ല.
നിലവിലെ ചട്ട പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ ലൈസൻസ് ഫീസും തൊഴിൽ നികുതിയും അടവാക്കേണ്ടതാണെന്ന പഞ്ചായത്ത് ഡയറക്ടറുടെയും നഗരകാര്യ ഡയറക്ടറുടെയും കത്തിന്റെ അടിസ്ഥാനത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ അടവാക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ല എന്ന് എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാരെയും സിവിൽ സപ്ലൈസ് കമ്മീഷണർ 22.1.19 ലെ നമ്പർ (സി.എസ്.) എ.9-764/2019 കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതാണ്. ആയതിനാൽ റേഷൻ കടകൾ ലൈസൻസ് നേടിയും തൊഴിൽനികുതി അടവാക്കിയുമാണ് പ്രവർത്തിക്കേണ്ടത്. എന്നാൽ ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ റേഷൻകടകൾ ലൈസൻസ് എടുത്തിട്ടുള്ളതായോ തൊഴിൽനികുതി അടവാക്കിയതായോ കാണുന്നില്ല.

2) ഡി. & ഒ. ലൈസൻസിനുള്ള താഴെപ്പറയുന്ന അപേക്ഷകനിൽ നിന്നും ലൈസൻസ് ഫീ കുറവായി ഈടാക്കിയതായി കാണുന്നു.

| അപേക്ഷകൻ/ കെട്ടിട നം. | രസീത് നം. | തുക ഈടാക്കേണ്ടത് | തുക ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| ആലപ്പി ഫൈബർ ടഫ്റ്റ് പ്രൈ.ലി. – 7/510 – GIC Land | 1200101888/23.02.2021 | 10000 | 5000 | 5000 |
| പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് നം. PCB/ALP/UCO-2478 /12/30.10.19 പ്രകാരം മൂലധന നിക്ഷേപം 592 ലക്ഷം രൂപയാണ്. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 7, പട്ടിക II പ്രകാരം 5 കോടിയലധികം മൂലധനനിക്ഷേപമുള്ള ടി സ്ഥാപനം മീഡിയം എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്. | | | | |

3. പെട്രോൾ പമ്പുകൾ ആവശ്യമായ നിരാക്ഷേപ പത്രങ്ങൾ ഇല്ലാതെ പ്രവർത്തിക്കുന്നു .

ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ താഴെപ്പറയുന്ന മൂന്ന് പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അവയുടെ ഡി. & ഒ. ലൈസൻസ് അപേക്ഷയോടൊപ്പം ആവശ്യമായ നിരാക്ഷേപപത്രങ്ങൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനങ്ങൾ | ലൈസൻസ് നം. | രസീത് നം. | റിമാർക്സ് |
|---|---|---|---|---|
| 1 | വെളിയിൽ ഫ്യൂവൽസ് | 91/21-22 | 1200102364/08.03.21 | നിരാക്ഷേപപത്രങ്ങൾ ഒന്നുമില്ല. |
| 2 | അംബ ഫ്യൂവൽസ് | 201/21-22 | 1200103286/24.3.21 | (PESO സർട്ടിഫിക്കറ്റ് മാത്രമാണുള്ളത്) |
| 3 | ചുഴിക്കാട്ട് ഫ്യൂവൽസ് | 120/21-22 | 1210100007/09.04.21 | PCB സർട്ടിഫിക്കറ്റ് മാത്രമാണുള്ളത് |

കേരള സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പി.സി.ബി./എ.എൽ.പി./റ്റി.ജി.-500/21/01.02.21 പ്രകാരം പഞ്ചായത്ത് അധികാരപരിധിയിൽ പ്രവർത്തിക്കുന്ന പെട്രോൾ പമ്പുകൾ ബോർഡിന്റെ സാധുതയുള്ള അനുമതിപത്രം കരസ്ഥമാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണെന്നും ഇല്ലാത്തവയ്ക്ക് ലൈസൻസ് പുതുക്കിനല്കുവാൻ പാടുള്ളതല്ല എന്നും ഇല്ലാത്തവയുടെ വിവരങ്ങൾ അറിയിക്കേണ്ടതാണെന്നും എല്ലാ പഞ്ചായത്ത് സെക്രട്ടറിമാരെയും അറിയിച്ചിട്ടുണ്ട്.

പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നതിന് ഇന്ത്യാ ഗവണ്മെന്റിന്റെ കീഴിലുള്ള പെട്രോളിയം ആന്റ് എക്സ്പ്ലോസീവ് സേഫ്റ്റി ഓർഗനൈസേഷൻ നല്കുന്ന എക്സ്പ്ലോസീവ് ലൈസൻസ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നല്കുന്ന പൊല്യൂഷൻ സർട്ടിഫിക്കറ്റ്, സംസ്ഥാന ഫയർ & റെസ്ക്യൂ ലൈസൻസ്, തദ്ദേശ സ്ഥാപനങ്ങൾ നല്കുന്ന ഡി. & ഒ. ലൈസൻസ് എന്നിവ ആവശ്യമാണ്. ഇത്തരത്തിൽ രേഖകളില്ലാതെ പ്രവർത്തിക്കുന്ന പമ്പുകളിൽ അപകടമുണ്ടായാൽ ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകില്ല എന്നും ഇത്തരം ലൈസൻസുകൾ നേടാതെ പമ്പുകൾ പ്രവർത്തിക്കുന്നതുമൂലം സർക്കാരിന്/തദ്ദേശ സ്ഥാപനങ്ങൾക്ക് ഭീമമായ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ടെന്നും സൂചിപ്പിച്ച് 06.09.2020ൽ ആഭ്യന്തര (രഹസ്യ വിഭാഗം-എ) വകുപ്പിന്റെ ഹോം-എസ്.എസ്.4/155/2020-ഹോം നമ്പർ കുറിപ്പ് പുറപ്പെടുവിച്ചിട്ടുമുണ്ട്.

പെട്രോൾ പമ്പുകൾ മേൽ ലൈസൻസുകൾ ഹാജരാക്കിയ വിവരം അറിയിക്കേണ്ടതാണ്. വെളിയിൽ ഫ്യൂവൽസ് അപേക്ഷയോടൊപ്പം ലഭ്യമാക്കിയിരിക്കുന്നത് ഹൈക്കോടതി കേസ് നം. WP(C) No.6549/18 ലെ ഇടക്കാല ഉത്തരവാണ്. ലഭ്യമാക്കിയ ഇടക്കാല ഉത്തരവിനുശേഷമാണ് മേൽ കത്തുകൾ പുറപ്പെടുവിച്ചിട്ടുള്ളത്. ആയതിനാൽ പെട്രോൾ പമ്പുകൾ ആവശ്യമായ നിരാക്ഷേപപത്രങ്ങൾ നേടിയാണോ പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (27/ 10.01.2023) മറുപടി ലഭ്യമാക്കിയില്ല. കുറവ് വന്ന തുക ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി - അപാകതകൾ

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധവർഷ പത്രികകൾ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1.താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2021-22 വർഷം സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | ഈടാക്കേണ്ട നികുതി |
|---|---|
| എച്ച് ഡി എഫ് സി ബാങ്ക്, പള്ളിപ്പുറം ശാഖ | 2500 |
| എസ് സി ബി നം.335, പള്ളിപ്പുറം ശാഖ | 2500 |
| പഞ്ചാബ് നാഷണൽ ബാങ്ക്, പള്ളിപ്പുറം ശാഖ | 2500 |

2. താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2020-21 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും 2021-22 വർഷം പൂർണ്ണമായും ഈടാക്കിയിട്ടില്ല.

| സ്ഥാപനം | റിമാർക്സ് |
|---|---|
| ചൂഴിക്കാട് ഫ്യൂവൽസ് | മുൻ വർഷത്തെ രജിസ്റ്റർ പ്രകാരവും തുക അടച്ചിട്ടില്ല |
| കാസിൽ ഫുഡ് കെയർ | ഒന്നാം അർദ്ധ വർഷം ഈടാക്കിയ തുക – 11,650 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് അന്വേഷണത്തിന് തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. തുക ഈടാക്കി രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-15 പെൻഷൻ ഇനത്തിൽ മരണപ്പെട്ടയാളുകളുടെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ നല്കി

ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്തിൽ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് കാലതാമസം നേരിടുന്നതായികാണുന്നു .

മരണശേഷവും സഹകരണ ബാങ്കുകളിലേക്ക് പെൻഷൻ വിതരണം നടത്തുന്നതിന് തുക നൽകിയതിന് ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര് /വിലാസം | മരിച്ച തീയതി/ രജിസ്ട്രേഷൻ തീയതി | പെൻഷൻതരം /ഐഡി | അനർഹമായ കാലയളവിൽ നല്കിയ തുക | തുക |
|---|---|---|---|---|---|
| 1 | പുഷ്പവതി ഗോകുലം | 06.05.2020/29.05.2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ സ്കീം - 104270203483 | 6/2020-11/2020 | 8600 |
| 2 | ലക്ഷ്മി , കോപ്പുഴവെളി | 16.10.2020/13.01.2021 | കർഷക തൊഴിലാളി പെൻഷൻ- 104270100401 | 11/2020-1/2021 | 4300 |
| 3 | ശാന്ത, ജയേഷ്ഭവനം | 06.10.2020/17.11.2020 | ഇന്ദിരാ ഗാന്ധി ദേശീയ | 11/2020-12/2020 | 2800 |

| | | | | | |
|---|---|---|---|---|---|
| | | | വാർദ്ധക്യകാല പെൻഷൻ സ്കീം 104270203750 | | |
| 4 | ബാലകൃഷ്ണക്കുറുപ്പ്, കളപ്പുരയ്ക്കൽ | 21.12.2020/15.03.2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ സ്കീം -104270200105 | 01/2021-12/2022 | 38100 |
| 5 | പുരുഷോത്തമൻ പി ജി, പുളിക്കശ്ശേരി | 08.02.2021/24.05.2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ സ്കീം – 104270200325 | 03/2021-12/2022 | 19000 |
| 6 | അപ്പുക്കുട്ടൻനായർ, പാട്ടുപ്പുറത്ത് | 05.09.2020/ 04.11.2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ സ്കീം – 104270200439 | 10/2020-11/2022 | 26100 |
| 7 | പി സി ബേബി ചാക്കോ, പുത്തൻപറമ്പിൽ | 21.10.2020/03.11.2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ സ്കീം – 104270203813 | 11/2020-11/2022 | 23300 |
| 8 | കമലാക്ഷി, കായപ്പുറത്ത് നികർത്ത് | 11.08.2020/31.12.2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104270202270 | 09/2020-01/2021 | 7100 |
| 9 | ഉലഹന്നാൻബ്രിജിത, തോട്ടുങ്കൽ | 22.07.2020/ 13.08.2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104270202248 | 8/2020 -11/2022 | 18600 |
| 10 | സരോജിനി, മുണ്ടയ്ക്കൽക്കരിയിൽ | 05.07.2020/31.12.2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104270201029 | 08/2020-11/2022 | 18600 |
| 11 | കല്ല്യാണി, കൊഞ്ഞേത്തറ | 04.09.2020/23.09.2020 | കർഷക തൊഴിലാളി പെൻഷൻ-104270100073 | 9/2020-11/2022 | 26100 |

| | | | | | |
|---|---|---|---|---|---|
| 12 | ഇന്ദിരദേവി സി എൽ, ചൊവ്വേലിക്കകത്ത് | 12.01.2021 / 12.02.2021 | വിധവാ പെൻഷൻ 104270600481 | 2/2021-11/2022 | 35000 |
| 13 | പ്രീതീകരൻ, പരിശ്ശേരിൽ | 07.01.2021/24.05.2021 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ 104270200099 | 2/2021-1/2022 | 19000 |
| 14 | വിജയാനന്ദൻ, ചെറുവേലിക്കകത്ത് | 11.05.2020/ 29.05.2020 | കർഷക തൊഴിലാളി പെൻഷൻ-104270100828 | 6/2020-11/2022 | 29900 |
| 15 | ദേവയാനി, അരീപ്പറമ്പത്തുവെളി | 21.01.2021/19.02.2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104270200637 | 02/2021-11/2022 | 35000 |

പരിശോധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 26/10.01.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ തുകകൾ മേൽ പരാമർശിച്ച വ്യക്തികൾ തന്റെ അക്കൌണ്ടിന്റെ അനന്തരാവകാശി ആയി രേഖപ്പെടുത്തിയിട്ടുള്ള ആളിൽ നിന്നും ഈടാക്കുവാൻ ആവശ്യമായ നടപടി സ്വീകരിയ്ക്കേണ്ടതാണ്.

## 1-16 ഡിപ്പോസിറ്റ് രജിസ്റ്റർ പരിശോധന - അപാകതകൾ

2016-17 മുതൽ 2019-20 വരെയുള്ള കാലയളവിൽ നിക്ഷേപ പ്രവൃത്തികൾക്കായി കെ എസ് ഇ ബി – യ്ക്ക് നല്കിയ തുകകൾ നാളിതുവരെ ക്രമപ്പെടുത്തിയതായി കാണുന്നില്ല വിനിയോഗ സാക്ഷ്യപ്പത്രം ലഭിച്ചിട്ടില്ല. വിശദവിവരം പട്ടികയിൽ കൊടുക്കുന്നു.

| തുക കൈപ്പറ്റിയ ഏജൻസി | കാലയളവ് | തുക |
|---|---|---|
| കെ.എസ്.ഇ.ബി | 2014-15 മുതൽ 2018-19 വരെ | 30,66,640 |

മേൽ വിവരം പരിശോധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14/11.01.2023), 2016-17 മുതൽ 2019-20 വരെ കെ.എസ്.ഇ.ബി. യ്ക്ക് നല്കിയ തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമായിട്ടില്ല എന്നാണ്. മറുപടിയിൽ സൂചിപ്പിച്ചിരിക്കും പ്രകാരം തുകയുടെ വിനിയോഗ വിവരം/ചെലവ് വിവരം എന്നിവ ഹാജരാക്കേണ്ടതാണ്.

## 1-17 ട്രേഡ് ഡിസ്കൗണ്ട് അനുവദിച്ചില്ല- അധികചെലവ്

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ട്രേഡ് ഡിസ്കൗണ്ട് അനുവദിക്കണം. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ച് കൊണ്ടുള്ള 08.12.2015-ലെ ജി.ഒ(പി)നം.17/2015/പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിലും സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ 2021-22 സാമ്പത്തിക വർഷം, ജൂൺ 2021 ലെ തനത് ഫണ്ട് വൗച്ചർ നം.22100275 പ്രകാരം, മാതൃഭൂമി ദിനപ്പത്രത്തിൽ നല്കിയ പരസ്യത്തിന്റെ പരസ്യ ചാർജിനത്തിൽ ട്രേഡ് ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പത്രസ്ഥാപനം | സ്ഥാപനത്തിൽ നിന്നുള്ള ബിൽ നം./തീയതി | ബിൽ തുക(SGST,CGST ഒഴികെ) | അർഹമായ ഡിസ്കൗണ്ട് (15%) | ബിൽ നം/തീയതി ചെക്ക്നം./ തീയതി |
|---|---|---|---|---|
| മാതൃഭൂമി | 321000010878/ 11.06.20 | 8320 | 1248 | ചെക്ക് നം.036844/16.06.21 |

| | | |
|---|---|---|
| ആകെ | 1248/-രൂപ | |

അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നത് മൂലം 1248/-രൂപയുടെ അധികചെലവ് ഉണ്ടായിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/07.01.23)മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക 1248/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 1-18 ലൈബ്രറി സെസ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ടു ഗഡുക്കളായി സംസ്ഥാന ലൈബ്രറി കൗൺസിലിലേയ്ക്ക് ഒടുക്കേണ്ടതാണ്. ആദ്യഗഡു ഏപ്രിൽ 30 നകവും രണ്ടാമത്തെ ഗഡു നവംബർ 30 നകവും ഒടുക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ ആയത് സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽനിന്ന് ഈടാക്കുന്നതുമാണെന്ന് ടി സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ധനകാര്യപത്രികയുടെ ബി9 ഷെഡ്യൂളിൽ 31.3.2022ൽ 1,79,100/-രൂപ നീക്കിയിരിപ്പ് ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ലൈബ്രറി സെസ് ഇനത്തിൽ ഒടുക്കുവാൻ അവശേഷിക്കുന്ന തുക സംസ്ഥാന ലൈബ്രറി കൗൺസിലിൽ ഒടുക്കു വരുത്താതിരുന്നതിനുള്ള കാരണം ഓഡിറ്റിൽ അറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(20-10.1.23) മറുപടി ലഭ്യമാക്കിയില്ല. ലൈബ്രറി സെസ് ഇനത്തിൽ ഒടുക്കുവാൻ അവശേഷിക്കുന്ന തുക അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-19 ടെക്നിക്കൽ അസിസ്റ്റന്റ് - നിയമന ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിൽ നിലവിൽ കരാറടിസ്ഥാനത്തിൽ ജോലി നോക്കുന്ന രതീഷ്.വി.എം, ടെക്നിക്കൽ അസിസ്റ്റന്റ് 03.12.2012 മുതൽ ജോലി ചെയ്തു വരുന്നു. ടിയാന്റെ കരാർ പുതുക്കുന്നത് സംബന്ധിച്ച രേഖകൾ പരിശോധിക്കുന്നതിനായി ഫയൽ ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.6/07.01.23) നൽകിയെങ്കിലും ആയത് ഹാജരാക്കിയില്ല. 2021-22 സാമ്പത്തിക വർഷം ടെക്നിക്കൽ അസിസ്റ്റന്റിന് വേതനം നൽകുന്നതിന് പ്രോജക്ടിൽ തുക വകയിരുത്തിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ,സ.ഉ(കൈ)നം.22/2018/ ത.സ്വ.ഭ.വ തീയതി.14.02.2018 പ്രകാരം, ടെക്നിക്കൽ അസിസ്റ്റൻറിന് വേതനം നൽകുന്നതിന് പ്രോജക്ടിൽ തുക വകയിരുത്തുന്നതിന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-20 ഐ.കെ.എം. വിഹിതം -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം. - S0001/22

പ്രോജക്ടിന്റെപേര് - ഐ.കെ.എം. വിഹിതം

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

വികസനഫണ്ട് - 100000/-

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷന്റെ എസ്.ബി.ഐ, നന്ദൻകോടുള്ള 57047023512 നം.അക്കൗണ്ടിൽ 96595/-രൂപ നൽകി.(ബിൽ റഫറൻസ് നം.2106075201530012966 6/17.6.21 തുക.96595/-). എന്നാൽ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/10.01.23), വിനിയോഗസാക്ഷ്യപത്രത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടി നൽകി. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 96595/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 എ ബി സി പ്രോഗ്രാം വിഹിതം നൽകൽ - അപാകതകൾ

പ്രോജക്ട് നം. - S 0173/22

പ്രോജക്ടിന്റെ പേര് - എ ബി സി പ്രോഗ്രാം വിഹിതം നൽകൽ

തനത്ഫണ്ട് - 200000

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് വിവരം - ചെക്ക് നം.5284070/21-22/27.03.2022 തുക. 200000

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 27.11.2021 ലെ സി2-17516/21 നം.കത്ത് പ്രകാരം, 302 നായ്ക്കളെ വന്ധ്യംകരണം നടത്തിയതിന്റെ ചെലവായ 489300/- രൂപയിൽ പഞ്ചായത്ത് 2021-22 ൽ വകയിരുത്തിയ 200000/- രൂപ കിഴിച്ച് ബാക്കി 289300/-രൂപ ജില്ലാ പഞ്ചായത്തിന്റെ എൽ.ജി.ടി.എസ്.ബി.അക്കൗണ്ട് നം.799013000001074 ൽ ഒടുക്കി വിവരം അറിയിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.

പേവിഷബാധ നിയന്ത്രണത്തിന് വേണ്ടി ജില്ലാ പഞ്ചായത്തിന് നൽകുവാനുള്ള വിഹിതത്തിൽ ബാക്കി നൽകുവാനുള്ള തുക നൽകുന്നതിന് ലക്ഷ്യമിട്ട മേൽ പ്രോജക്ടിൽ നിന്നും 2021-22 സാമ്പത്തിക വർഷം 200000/- രൂപ നൽകി. അപാകതകൾ ചുവടെ ചേർക്കുന്നു.

1) പഞ്ചായത്ത് പരിധിയിൽ നിന്നും നായ്ക്കളെ കൊണ്ടുപോകുന്നതിനോ, വന്ധ്യംകരണം നടത്തി തിരികെ കൊണ്ടു വരുന്നതിനോ ആധികാരിക രേഖയില്ല.
2) ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.10/09.01.23),മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 എസ്.എസ്.എ. പഞ്ചായത്ത് വിഹിതം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

2021-22 സാമ്പത്തിക വർഷം എസ്.എസ്.എ. വിഹിതം നൽകലുമായി ബന്ധപ്പെട്ട് സെക്രട്ടറി നിർവ്വഹണം ചെയ്ത രണ്ട് പ്രോജക്ടുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

1)പ്രോജക്ട് നം. - S0019/22

പ്രോജക്ടിന്റെ പേര് - എസ്.എസ്.എ. പഞ്ചായത്ത് വിഹിതം (എസ്.സി)

<u>വകയിരുത്തൽ</u>

വികസനഫണ്ട്(എസ്.സി.പി) - 200000/-

<u>ചെലവ് വിവരം</u>

ബിൽ റഫറൻസ് നം.21060752015300262855 തീ.03.08.21

2)പ്രോജക്ട് നം. - S0018/22

പ്രോജക്ടിന്റെ പേര് - എസ്.എസ്.എ. പഞ്ചായത്ത് വിഹിതം

<u>വകയിരുത്തൽ</u>

വികസനഫണ്ട് - 300000/-

<u>ചെലവ് വിവരം</u>

ബിൽ റഫറൻസ് നം.21060752015300262860 തീ.03.08.21

മേൽ 2 പ്രോജക്ടുകൾ പ്രകാരം, 2021-22 സാമ്പത്തിക വർഷം എസ്.എസ്.എ. സ്റ്റേറ്റ് പ്രോജക്ട് ഓഫീസറുടെ സമഗ്ര ശിക്ഷ കേരളയുടെ സിംഗിൾ നോഡൽ അക്കൗണ്ടായ കാനറ ബാങ്ക് തിരുവനന്തപുരം കന്റോൺമെന്റ് ശാഖയിലെ 0819101104302 നം. അക്കൗണ്ടിൽ യഥാക്രമം 200000/-, 300000/- രൂപ വീതം നൽകി. എന്നാൽ വിനിയോഗസാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.18/10.01.23), വിനിയോഗസാക്ഷ്യപത്രങ്ങൾക്കായി കത്ത് നൽകിയിട്ടുണ്ടെന്നും, ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടി നൽകി. ചെലവ് തുക 500000/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 വി.ഇ.ഒ.തിരുനെല്ലൂർ സർക്കിൾ- ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

2021-22 സാമ്പത്തികവർഷം വി.ഇ.ഒ തിരുനല്ലൂർ സർക്കിൾ നിർവ്വഹണം ചെയ്ത താഴെ ചേർത്തിരിക്കുന്ന പ്രോജക്ടുകളുടെ ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല.

| ക്രമ നം | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തൽ | ചെലവ് (സുലേഖ ചെലവ് പത്രിക പ്രകാരം) |
|---|---|---|---|---|
| 1 | S0142/22 സ്പിൽഓവർ | സമ്പൂർണ്ണ ശുചിത്വഗ്രാമം (എസ്.സി) | വികസനഫണ്ട് (എസ്.സിപി)- 657000 | വികസനഫണ്ട് (എസ്.സിപി)-236340 |

| | | | | |
|---|---|---|---|---|
| | | | ധനകാര്യകമ്മീഷൻ അവാർഡ്-140160<br>ആകെ അടങ്കൽ-797160 | ധനകാര്യകമ്മീഷൻ അവാർഡ്-0<br>ആകെ ചെലവ്-236340 |
| 2 | S0044/22 | വീട് പുനരുദ്ധാരണം | വികസനഫണ്ട്(എസ്.സിപി)-1300000 | വികസനഫണ്ട് (എസ്.സിപി)-650000 |
| 3 | S0139/22 സ്പിൽഓവർ | വീട് വാസയോഗ്യമാക്കൽ (എസ്.സി) | വികസനഫണ്ട്(എസ്.സിപി)-700000 | വികസനഫണ്ട് (എസ്.സിപി)-670885 |
| 4 | S0135/22 സ്പിൽഓവർ | വ്യക്തിഗത കക്കൂസ് നിർമ്മാണം | കേന്ദ്രാവിഷ്കൃതഫണ്ട്-948000<br>മറ്റുള്ളവ-693600<br>ആകെഅടങ്കൽ-1641600 | കേന്ദ്രാവിഷ്കൃതഫണ്ട്-84000<br>മറ്റുള്ളവ-0<br>ആകെ ചെലവ്-84000 |
| 5 | S0140/22 സ്പിൽഓവർ | ഇരട്ടവീട് ഒറ്റവീട് ആക്കൽ പദ്ധതി | വികസനഫണ്ട്-<br>300000<br>ബ്ളോക്ക് പഞ്ചായത്ത് വിഹിതം-239500<br>ജില്ലാപഞ്ചായത്ത് വിഹിതം-160000<br>ആകെഅടങ്കൽ-699500 | വികസനഫണ്ട്-<br>240000<br>ജില്ലാപഞ്ചായത്ത് വിഹിതം-0<br>ആകെ ചെലവ്-240000 |
| 6 | S0043/22 | പിഎംഎവൈ (അധികവിഹിതം) | വികസനഫണ്ട്-<br>210000 | വികസനഫണ്ട്-<br>210000 |
| 7 | S0137/22 സ്പിൽഓവർ | വീട് വാസയോഗ്യമാക്കൽ (വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (എസ്.ടി) | വികസനഫണ്ട്(ടി.എസ്.പി) -61098<br>തനത്ഫണ്ട്-3902<br>ആകെഅടങ്കൽ-65000 | വികസനഫണ്ട് (ടി.എസ്.പി) -61098<br>തനത്ഫണ്ട്-3902<br>ആകെചെലവ്-65000 |
| 8 | S0095/22 | ഡ്രൈവിംഗ് പരിശീലനം (ടി.എസ്.പി) | വികസനഫണ്ട് (ടി.എസ്.പി)-40902<br>തനത്ഫണ്ട്-11598<br>ആകെഅടങ്കൽ-52500 | വികസനഫണ്ട് (ടി.എസ്.പി -11568<br>തനത്ഫണ്ട്-0<br>ആകെചെലവ്-11568 |
| 9 | S0111/22 | വയബിലിറ്റി ഗ്യാപ് ഫണ്ട് | ധനകാര്യകമ്മീഷൻ അവാർഡ്-300000 | ധനകാര്യകമ്മീഷൻ അവാർഡ്-299852 |
| 10 | S0110/22 | ശുചിത്വഗ്രാമം-സെപ്റ്റിക് ടാങ്ക് | ധനകാര്യകമ്മീഷൻ അവാർഡ്-1570800 | ധനകാര്യകമ്മീഷൻ അവാർഡ്-398560 |
| 11 | S0133/22 സ്പിൽഓവർ | ലൈഫ് പദ്ധതി | സംസ്ഥാനാവിഷ്കൃത ഫണ്ട് -7670000<br>മറ്റുള്ളവ-39610000<br>ആകെഅടങ്കൽ-47280000 | സംസ്ഥാനാവിഷ്കൃത ഫണ്ട്-840000<br>മറ്റുള്ളവ-0<br>ആകെ ചെലവ് -840000 |
| 12 | S0138/22 സ്പിൽഓവർ | ലൈഫ് ഭവന പദ്ധതി (ഭൂരഹിത ഭവനരഹിതർ) ജനറൽ | വികസനഫണ്ട്-<br>1060000<br>സംസ്ഥാനാവിഷ്കൃത ഫണ്ട്-3500000<br>ജില്ലാപഞ്ചായത്ത് വിഹിതം-3800000<br>ആകെ അടങ്കൽ-<br>8360000 | വികസനഫണ്ട്-<br>1060000<br>സംസ്ഥാനാവിഷ്കൃതഫണ്ട്-1080000<br>ജില്ലാപഞ്ചായത്ത് വിഹിതം-0<br>ആകെചെലവ്-<br>2140000 |

1997ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം12(2) പ്രകാരം ബന്ധപ്പെട്ട രേഖകളോ കണക്കുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ല എന്ന് കരുതപ്പെടുന്നതും അതനുസരിച്ചുള്ള നിഗമനത്തിൽ എത്തുന്നതുമാണ്. ആയതിനാൽ ചെലവ് രേഖകൾ അടിയന്തിരമായി പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.16/09.01.23) നൽകിയെങ്കിലും ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള 5846205/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 ലൈഫ് മിഷൻ - അഡ്വാൻസ് തുക കൈപ്പറ്റിയവർ പ്രവൃത്തി ആരംഭിച്ചില്ല

2021-22 സാമ്പത്തികവർഷം വി.ഇ.ഒ. ഒറ്റപ്പന്ന സർക്കിൾ നിർവ്വഹണം ചെയ്ത ലൈഫ് മിഷൻ പ്രോജക്ടുകളുടെ ഫയൽ, ബില്ലുകൾ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിനായി 40000/- രൂപ കൈപ്പറ്റി. എന്നാൽ നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

ലൈഫ് ഭവന പദ്ധതി രജിസ്റ്ററിലെ (എസ്.സി.വിഭാഗം)രേഖപ്പെടുത്തൽ പ്രകാരം

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | വാർഡ് നം. | തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | ധന്യ ബിനീഷ്<br>പൂന്നാറ്റ് ഹരിജൻ കോളനി | 2 | 09.08.21 |
| 2 | സുധീർകുമാർ<br>ചാലിത്തറ | 13 | 20.09.21 |
| 3 | അമ്പിളി<br>കൊടിയന്തറ | 17 | 03.03.22 |

മേൽ ഗുണഭോക്താക്കൾ 40000/-രൂപ കൈപ്പറ്റിയിട്ടും നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.25/10.01.23) മറുപടി ലഭ്യമാക്കിയില്ല. മേൽ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 1-25 മരുന്ന് ലഭ്യമായിട്ടില്ല -തുക തടസ്സപ്പെടുത്തുന്നു

1.പ്രോജക്റ്റ് നം. 16/2021-22
ഹോമിയോ മരുന്ന് വാങ്ങൽ
അടങ്കൽ – 3,00,000/- ( വികസന ഫണ്ട് – ജനറൽ )
ചെലവ് – 3,00,000/- (BRN- 21060752015700889065, തീയതി – 05.01.2022)
മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ഹോമിയോ മരുന്ന് വാങ്ങൽ എന്ന പ്രോജക്റ്റ് പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിനായി HOMCO യ്ക്ക് 3,00,000/- രൂപ നല്കിയിട്ടുണ്ട്. 2,22,988/- രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ട്. 77,012/- രൂപയുടെ മരുന്ന് ലഭ്യമായതിന്റെ വിവരം ലഭ്യമല്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (11/09-01-2023) മറുപടിയിൽ മരുന്ന് ലഭ്യത ത്വരിതപ്പെടുത്തുന്നതിനുള്ള തുടർ നടപടികൾ എത്രയും പെട്ടെന്ന് നടത്തി വിവരം ഓഡിറ്റിൽ അറിയിയ്ക്കാമെന്ന് അറിയിച്ചു. മരുന്ന് ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കുന്നത് വരെ തുക (77,012/- രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
2.പ്രോജക്റ്റ് നം. 26/ 2021-22
സാന്ത്വന പരിചരണ പദ്ധതി
അടങ്കൽ – 9,50,000/-
ചെലവ് – 5,97,510/- (BRN- 21060752015600531093 / 07.10.2021- 75,000/-)
മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി, ചേന്നം – പള്ളിപ്പുറം നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ സാന്ത്വന പരിചരണ പദ്ധതി എന്ന പ്രോജക്റ്റ് പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിനായി കെ എം എസ് സി എൽ- ന് 75,000/- രൂപ നല്കിയിട്ടുണ്ട് . 58,799/- രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ട്. 16,201/- രൂപയുടെ മരുന്ന് ലഭ്യമായതിന്റെ വിവരം ലഭ്യമല്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (12/09-01-2023) മറുപടി ലഭ്യമാക്കിയില്ല. മരുന്ന് ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കുന്നത് വരെ തുക ( 16,201/- രൂപ ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
2.പ്രോജക്റ്റ് നം. 32/ 2021-22
ജീവിത ശൈലി രോഗനിയന്ത്രണ പദ്ധതി

അടങ്കൽ – 1,00,000/-

ചെലവ് – 1,00,000/- ( BRN- 210607520156001599334 / 29.06.2021 )

മെഡിക്കൽ ഓഫീസർ, പി എച്ച് സി, ചേന്നം – പള്ളിപ്പുറം നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ജീവിത ശൈലി രോഗനിയന്ത്രണ പദ്ധതി എന്ന പ്രോജക്റ്റ് പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിനായി കെ എം എസ് സി എൽ- ന് 75,000/- രൂപ നല്കിയിട്ടുണ്ട്. 59,454/- രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ട്. 15,546/- രൂപയുടെ മരുന്ന് ലഭ്യമായതിന്റെ വിവരം ലഭ്യമല്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (12/09-01-2023) മറുപടി ലഭ്യമാക്കിയില്ല. മരുന്ന് ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കുന്നത് വരെ തുക ( 15,546/- രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 പയർ വർഗ കൃഷി വ്യാപനം - ഗുണഭോക്തൃവിഹിതം ഈടാക്കിയത് ചെലവഴിച്ചില്ല

പ്രോജക്റ്റ് നം. - S0004/22

പ്രോജക്റ്റിന്റെ പേര് - പയർ വർഗ കൃഷി വ്യാപനം

വികസനഫണ്ട് - 40000

ഗുണഭോക്തൃവിഹിതം - 8000
(സ്ഥാപനത്തിൽ അടവാക്കുന്നത്)

നിർവ്വഹണ ഉദ്യോഗസ്ഥൻ -കൃഷി ഓഫീസർ

VFPCKയുടെ 29.02.22 തീയതിയിലെ KBK/EKM/PR/21-22/279 നം.ഇൻവോയ്സ് പ്രകാരമുള്ള വാങ്ങലിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Item | Qty | Rate | TOTAL AMOUNT |
|---|---|---|---|
| Pulses Seed Kit | 20 | 600 | 12000 |

വിത്ത് കിറ്റ് 20 ഗുണഭോക്താക്കൾക്ക് നൽകി.

ഗുണഭോക്തൃവിഹിതം 20 ഗുണഭോക്താക്കളിൽ നിന്നും 100/-രൂപ വീതം ഈടാക്കി 2000/-രൂപ കൃഷി ഓഫീസർ പഞ്ചായത്തിൽ അടവാക്കിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

രശീതി നം.1210102867/26.02.22 തുക 1900/-

രശീതി നം.1210103837/31.03.22 തുക 100/-

വികസനഫണ്ടിൽ നിന്നും 10000/-രൂപ VFPCK യ്ക്ക് നൽകി(ബിൽ നം.9/21-22/18.3.22 തുക.10000/-). എന്നാൽ ഗുണഭോക്തൃവിഹിതം ഇനത്തിലെ 2000/-രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകിയിട്ടില്ല. നൽകാൻ ബാക്കി നിൽക്കുന്ന തുകയ്ക്ക് 2022-23 സാമ്പത്തിക വർഷം സ്പിൽ ഓവർ പ്രോജക്റ്റ് ഉൾപ്പെടുത്തിയിട്ടുമില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.23/10.01.23), പഞ്ചായത്തിൽ അടവാക്കിയ ഗുണഭോക്തൃവിഹിതം VFPCK യ്ക്ക് നൽകുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് റിക്വസിഷൻ നൽകിയിരുന്നു എന്ന് കൃഷി ഓഫീസർ മറുപടി ലഭ്യമാക്കി. ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കിയിട്ട് ആയത് VFPCK യ്ക്ക് നൽകാതിരുന്നത് പഞ്ചായത്തിന്റെ അനാസ്ഥയാണ്. ആയത് ക്രമീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 കിഴങ്ങ് വിള കൃഷി വ്യാപനം - ഗുണഭോക്തൃവിഹിതം ഈടാക്കിയത് ചെലവഴിച്ചില്ല

പ്രോജക്റ്റ് നം. - S0041/22

പ്രോജക്റ്റിന്റെ പേര് - കിഴങ്ങ് വിള കൃഷി വ്യാപനം

വികസനഫണ്ട് - 200000

ഗുണഭോക്തൃവിഹിതം - 42500
(സ്ഥാപനത്തിൽ അടവാക്കുന്നത്)

ആകെ അടങ്കൽ - 242500

നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ

KAICOയുടെ 11.02.22 തീയതിയിലെ AMB/202/21-22 നം.ഇൻവോയ്സ് പ്രകാരം കിഴങ്ങ് വിളകൾ വാങ്ങിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Item | Qty | Rate | TOTAL AMOUNT |
|---|---|---|---|

| | | | |
|---|---|---|---|
| Tuber Crops (Kit) | 170 | 926 | 157420 |

Matsyafed Fish Meal &Oil Plant, തൃശ്ശൂരിന്റെ 14.02.22 ലെ FMOP/THR/GST/00340നം.ഇൻവോയ്സ് പ്രകാരം വളം വാങ്ങിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| Item | Qty(kg) | Rate | AMOUNT |
|---|---|---|---|
| Nutrifish | 4250 | 16 | 68000 |
| CGST(2.5%) | | | 1700 |
| SGST(2.5%) | | | 1700 |
| TOTAL AMOUNT | | | 71400 |

കിഴങ്ങ് വിള കിറ്റും, വളവും 170 ഗുണഭോക്താക്കൾക്ക് നൽകി.

വളത്തിന് ഗുണഭോക്തൃവിഹിതം 170 ഗുണഭോക്താക്കളിൽ നിന്നും 180/-രൂപ വീതം ഈടാക്കി 30600/-രൂപ കൃഷി ഓഫീസർ പഞ്ചായത്തിൽ അടവാക്കിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

രസീത് നം.1210102867/26.02.22 തുക 14400/-

രസീത് നം.1210103837/31.03.22 തുക 16200/-

വികസനഫണ്ടിൽ നിന്നും 157420/-രൂപ KAICO യ്ക്ക് നൽകി (ബിൽ നം.7/21-22/18.3.22 തുക.157420/-). വികസനഫണ്ടിൽ നിന്നും 40800/-രൂപ Matsyafed ന് നൽകി (ബിൽ നം.8/21-22/18.3.22 തുക.40800/-). എന്നാൽ ഗുണഭോക്തൃവിഹിതം ഇനത്തിലെ 30600/-രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും Matsyafed ന് നൽകിയിട്ടില്ല. നൽകാൻ ബാക്കി നിൽക്കുന്ന തുകയ്ക്ക് 2022-23 സാമ്പത്തിക വർഷം സ്പിൽ ഓവർ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുമില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.24/10.01.23), പഞ്ചായത്തിൽ അടവാക്കിയ ഗുണഭോക്തൃവിഹിതം Matsyafed Fish Meal &Oil Plant ന് നൽകുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് റിക്വസിഷൻ നൽകിയിരുന്നു എന്ന് കൃഷി ഓഫീസർ മറുപടി ലഭ്യമാക്കി. ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കിയിട്ട് ആയത് Matsyafed ന് നൽകാതിരുന്നത് പഞ്ചായത്തിന്റെ അനാസ്ഥയാണ്. ആയത് ക്രമീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് - പ്രവൃത്തി പൂർത്തീകരിച്ചില്ല

പ്രോജക്ട് നം - S 0179/22

പ്രോജക്ടിന്റെ പേര് - ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

തനത് ഫണ്ട് - 100000/-

ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ ഷിഫ്റ്റ് ചെയ്യുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി.ഇലക്ട്രിക്കൽ സെക്ഷൻ, ചേർത്തല ഈസ്റ്റ് തയ്യാറാക്കി നൽകിയ 4 എസ്റ്റിമേറ്റുകൾ പ്രകാരം, 41724/-രൂപ അസിസ്റ്റന്റ് എഞ്ചിനീയറുടെ 57026414342 നം.അക്കൗണ്ടിൽ നൽകി. ആയതിൽ 2 പ്രവൃത്തികൾ പൂർത്തീകരിച്ച് സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്.

എന്നാൽ താഴെ ചേർക്കുന്ന 2 പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട്, തുകയുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രവത്തിയുടെ പേര്, എസ്റ്റിമേറ്റ് തുക | നൽകിയ തുക | ചെക്ക് നം./തീയതി |
|---|---|---|---|
| 1 | വാർഡ് 6-പുത്തേഴത്ത്കാട് റോഡ്-പോസ്റ്റ് ഷിഫ്റ്റിംഗ് | 7711 | 040535/03.03.22 |
| 2 | വാർഡ് 14-വാലേഴത്ത് കോളനി നടപ്പാത- പോസ്റ്റ് ഷിഫ്റ്റിംഗ് | 14103 | 040580/22.03.22 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/11.01.23) മറുപടി ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ മേൽ പ്രവത്തികൾക്കായി ചെലവഴിച്ച 21814/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-29 ചോളോത്ത് തോട് കൽവർട്ട് നിർമ്മാണം- പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ - പ്രവൃത്തി ആരംഭിച്ചിട്ടില്ല

പ്രോജക്ട് നം. - S 0206/22-

പ്രോജക്ടിന്റെ പേര് - ചോളോത്ത് തോട് കൽവർട്ട് നിർമ്മാണം- പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

തനത് ഫണ്ട് - 52000/-

ചെലവ്

ചെക്ക് നം. 040565/17.03.22 തുക.52000/-

ചോളോത്ത് തോട് കൽവർട്ട് നിർമ്മാണം-പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ എന്ന പ്രവൃത്തി കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കുന്നതിനായി, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പബ്ളിക് ഹെൽത്ത് ഡിവിഷൻ, ആലപ്പുഴയുടെ 2022/5925 നം. പ്രകാരം 52000/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയ്ക്കായി എസ്.ബി.ഐ,യുടെ എ.ഡി.ബി.ബ്രാഞ്ചിന്റെ 10449288175 നം.അക്കൗണ്ടിലേക്ക് 52000/-രൂപ നൽകി.

അപാകതകൾ ചുവടെ ചേർക്കുന്നു.

1) എസ്റ്റിമേറ്റ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിന്റെ രേഖയില്ല.

2)പ്രവൃത്തി സംബന്ധിച്ച് വാട്ടർ അതോറിറ്റി അധികൃതരുമായി 20.04.22 ലെ 1/2022 നം.കരാർ ചമച്ചിട്ടുണ്ട്. കരാർ ഉടമ്പടി 5 പ്രകാരം പ്രവൃത്തി 6 മാസത്തിനകം പണി ആരംഭിച്ച് പൂർത്തീകരിക്കുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

3) പ്രവൃത്തി ചെയ്തതിന്റെ അളവുകളും ബില്ലുകളും എഴുതി അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ സാക്ഷ്യപ്പെടുത്തിയ എം.ബുക്ക് ഹാജരാക്കിയിട്ടില്ല.

4) പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

5) തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

6) മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.19/10.01.23) മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 52000/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 വിനിയോഗവിവരം ലഭിച്ചില്ല

പ്രോജക്ട് നം. 47/22

പ്രോജക്ടിന്റെ പേര്: കന്നുകുട്ടി പരിപാലനം

അടങ്കൽ -വികസന ഫണ്ട് (ജനറൽ): 825000/-രൂപ

ചെലവ്:- 825000/-രൂപ (ട്രഷറി ബിൽ നം.24/15.1.22)

നിർവഹണം:- വെറ്ററിനറി സർജൻ

തൻവർഷം കന്നുകുട്ടി പരിപാലന പദ്ധതിയുടെ നടത്തിപ്പിലേക്കായി മേൽ പദ്ധതി പ്രകാരം 825000/-രൂപ ആലപ്പുഴ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1/തീയതി 5.1.2023) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക(825000/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർ നെറ്റ് വർക്ക് - അപാകതകൾ

2021-22 സാമ്പത്തിക വർഷം വികസനഫണ്ടിൽ നിന്നും 250000/-രൂപ വകയിരുത്തി സെക്രട്ടറി നിർവ്വഹണം ചെയ്ത പ്രോജക്ട് ആണ് പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർ നെറ്റ് വർക്ക്(പ്രോജക്ട് നം S0092/22). പ്രവൃത്തി ടെൻഡർ മുഖാന്തിരം നടപ്പിലാക്കുന്നതിനാണ് ഡി.പി.സി.അംഗീകാരം ലഭിച്ചിട്ടുള്ളത്. അപാകതകൾ ചുവടെ കൊടുക്കുന്നു.

1) ടെൻഡർ ക്ഷണിച്ചിട്ടില്ല. ടെൻഡർ ഒഴിവാക്കി ക്വട്ടേഷൻ ആക്കിയതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഹാജരാക്കിയില്ല. പ്രോജക്ട് റിവൈസ് ചെയ്തിട്ടില്ല.

2) ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല.

3)കമ്പ്യൂട്ടർ ഉപകരണങ്ങൾക്ക് ഒരു വർഷ കാലയളവിലേക്ക് എ.എം.സി.രേഖപ്പെടുത്തിയ 3 ക്വട്ടേഷനുകൾ പരിശോധനയ്ക്ക് ഹാജരാക്കി.

4)കുറഞ്ഞ ക്വട്ടേഷൻ രേഖപ്പെടുത്തിയ ആൽഫാനെറ്റ് സിസ്റ്റംസ്, ചേർത്തലയ്ക്ക് 59590/-രൂപ അനുവദിച്ച് നൽകി.(ബിൽ റഫറൻസ് നം.21060752015300515276/13.10.21 തുക.59590/-).

5)ക്വട്ടേഷൻ അംഗീകരിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഹാജരാക്കിയില്ല.

6)എ.എം.സി നൽകിയ ഒരു വർഷ കാലയളവിൽ കമ്പ്യൂട്ടർ ഉപകരണങ്ങൾക്ക് ലഭ്യമാക്കിയ സർവ്വീസ് വിവരങ്ങൾ ഒന്നും തന്നെ ഫയലില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.32/11.01.23)മറുപടി ഹാജരാക്കിയില്ല. അപാകതകൾ നിലനിൽക്കുന്നതിനാൽ 59590/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 തൊഴിലുറപ്പ് പദ്ധതിയിൽ കണ്ട അപാകതകൾ

പ്രവൃത്തി-തട്ടാമ്പറമ്പ് പുലിപ്ര ഷാലിമാർ റോഡ് മെറ്റലിംഗ് വാർഡ് 16

പ്രവൃത്തിതുടങ്ങിയ ദിവസം - 24.2.2022

പ്രവൃത്തി അവസാനിച്ച ദിവസം - 6.3.2022

അടങ്കൽ തുക- 470642

ചെലവ്- ഇല്ല

ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത് 16-ാം വാർഡിൽ 470642/- രൂപ അടങ്കലിലുള്ള തട്ടാമ്പറമ്പ് പുലിപ്ര ഷാലിമാർ റോഡ് മെറ്റലിംഗ് എന്ന പ്രവൃത്തി തൊഴിലുറപ്പ് തൊഴിലാളികളെ നിയോഗിച്ചാണ് നടത്തിയിട്ടുള്ളത്. ആയതിന്റെ ഫയൽ പരിശോധിച്ചതിൽ ടി വർക്ക് നടന്ന ദിവസങ്ങളിൽ, അതായത് 24.2.22 മുതൽ 6.3.22 വരെ മസ്റ്റർ റോളിൽ 3 തൊഴിലാളികളായ മായാകുമാരി (തൊഴിൽ കാർഡ്നം.16/317, രമ(തൊഴിൽ കാർഡ്നം16/1), ഷീബ (തൊഴിൽ കാർഡ് നം. 16/22) എന്നിവരുടെ പേരിൽ മസ്റ്റർ റോളിൽ ഒപ്പ് രേഖപ്പെടുത്തിയതായും ആ ദിവസങ്ങളിൽ രമ ഒഴികെ 2 പേർ 24.2.222 മുതൽ 2.3.22 വരെയുള്ള ദിവസങ്ങളിൽ ജോലിക്ക് നിന്നിട്ടില്ലായെന്നും രമ 24.2.222 മുതൽ 2.3.22 ഹോസ്പിറ്റലിൽ അഡ്മിറ്റായിരുന്നെന്നും സി.ഡി.എസ്. ചെയർപേഴ്സൺ വ്യക്തമാക്കിയിട്ടുണ്ട്. മസ്റ്റർ റോൾ പരിശോധിച്ചതിൽ സലിലമ്മ(തൊഴിൽ കാർഡ് നം. 016/22) എന്ന തൊഴിലാളി മാത്രമാണ് ജോലിക്ക് നിന്നിട്ടുള്ളതെന്നും ബാക്കി മസ്റ്റർ റോളിൽ ഒപ്പിട്ടിരുന്ന 9 പേർ വർക്ക് സൈറ്റിൽ ഇല്ലായിരുന്നുവെന്നും അസി.സെക്രട്ടറിയും അക്രഡിറ്റഡ് എഞ്ചിനീയറും അഭിപ്രായപ്പെടുകയും പ്രസ്തുത മസ്റ്റർ റോൾ റദ്ദാക്കിയതായും പേയ്മെന്റ് നടപടികൾ നിർത്തിവച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. എം.ബുക്ക് (155/21-22) പ്രകാരം മെഷർമെന്റ് എടുത്തുവെങ്കിലും വാല്യൂവേഷൻ നടന്നിട്ടില്ല. സാമ്പത്തിക ഇടപാട് നടന്നിട്ടില്ലാത്ത സാഹചര്യത്തിൽ തൊഴിലുറപ്പ് വിഭാഗം ജില്ലാ പ്രോജക്ട് മേധാവിയായ ജെ.പി.സി.ക്ക് ഈ വിഷയം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ 21.3.22ലെ 1/1 നം. തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ജോലിക്ക് ഹാജരാകാത്തവരുടെ പേരിൽ ഒപ്പ് രേഖപ്പെടുത്തുകയും ഹാജരായ തൊഴിലാളിക്ക് വേതനം നല്കുന്നതിനും സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(9/9.1.2023) വിജിലൻസ്, ഓംബുഡ്സ്മാൻ എന്നീ ഓഫീസുകളിൽ നിന്ന് റിപ്പോർട്ട് വരുന്ന മുറയ്ക്ക് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

## 1-33 തൊഴിലുറപ്പ് പദ്ധതി-ജി.എസ്.റ്റി.ഈടാക്കിയത്

തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ തുക 2.5 ലക്ഷത്തിനുമേൽ കൂടുതലാണെങ്കിൽ 2% ജി.എസ്.ടി. ഉത്ഭവത്തിൽ നിന്നും കുറവ് ചെയ്യണമെന്നിരിക്കെ 2021-2022 സാമ്പത്തിക വർഷം നടപ്പിലാക്കിയ പ്രവൃത്തികളിൽ ഇപ്രകാരം 2% ജി.എസ്.റ്റി., റ്റി.ഡി.എസ് ആയി ഈടാക്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഈടാക്കിയ ജി.എസ്.റ്റി തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി. വകുപ്പിൽ യഥാസമയം അടവാക്കിയിട്ടുണ്ടോയെന്ന ഓഡിറ്റ് എൻക്വയറിക്ക്(നം.3/5.1.2023)മറുപടി ലഭ്യമാക്കിയിട്ടില്ല.

| കരാറുകാരൻ | പ്രവൃത്തിയുടെ പേര് | എം.ബുക്ക് നം. | വാർഡ് നം. | കരാറുകാരന് നൽകിയ തുക | ഈടാക്കിയ ജി.എസ്.ടി. | ഐ.റ്റി. | ആകെ തുക |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| അനന്ദപൈ എസ് | കുന്നേപ്പറമ്പ് കോളനി റോഡ് മെറ്റലിംഗ് വാർഡ് | 46/20-21 | 4 | 242500 | 5000 | 2500 | 250000 |
| മാത്യു റ്റി. യു | വലിയകുളം കായൽ റോഡ് മെറ്റലിംഗ് | 102/20-21 | 10 | 298684 | 6158 | 3079 | 307921 |
| ആൻറണി കെ എം. | കട്ടന്ച്ചാൽ - കളരിക്കൽ റോഡ് ഫോർമേഷൻ | 44/20-21 | 1 | 305396 | 6298 | 3149 | 314843 |
| തങ്കച്ചൻ ജെ. | കുളത്തിച്ചിറ തോപ്പിൽ റോഡ് മെറ്റലിങ് | 27/20-21 | 13 | 320469 | 6608 | 3304 | 330381 |
| അനന്ദപൈ. എസ് | പെരുമ്പളം - പണിക്കശ്ശേരി റോഡ് മെറ്റലിംഗ് | 49/20-21 | 17 | 325367 | 6708 | 3354 | 335429 |

## 1-34 ടാർ വീപ്പയുടെ വില കുറഞ്ഞ നിരക്കിൽ ഈടാക്കി

ഗ്രാമപഞ്ചായത്തിൽ തൻവർഷം ചെയ്ത ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ടാർ വീപ്പയുടെ വില കുറവു ചെയ്തിരിക്കുന്നത് @266/- രൂപ നിരക്കിലാണ്. ഒരു ടാർ വീപ്പയുടെ വില 281 (238 + 18% GST) ആണ്.

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കിയ ടാർ വീപ്പയുടെ വില | ഈടാക്കേണ്ടിയിരുന്ന തുക | കുറവ് | ചെലവു വിവരം |
|---|---|---|---|---|---|
| 1 | തൈച്ചിറ മാനാച്ചേരി റോഡ് ടാറിംഗ് | 8x266=2128 | 8x281=2248 | 120 | 359/30-3-2022 |
| 2 | ചെല്ലേഴത്ത് ഭാഗം റോഡ് ടാറിംഗ്-9.45%above | 6 X266 =1596 | 6x281 =1686 | 90 | 355/30-3-2022 |
| 3 | അംഗൻവാടി കുറ്റപ്പാട്ടിൽ റോഡ് മെറ്റലിംഗ് ആൻറ് ടാറിംഗ്-9.45%above | 5x266=1330 | 5x281= 1405 | 75 | 342/26-3-2022, 343/26-3-2022 |
| 4 | കോപ്പായിൽ സ്വാഗതം ബോർഡ് റോഡ് ടാറിംഗ്-9.45%above | 6 X266 =1596 | 6 X281 =1686 | 90 | 333/21-03-2022 |
| 5 | പ്രതീക്ഷക്കവല മേനോംകാട്ടിൽ റോഡ് ടാറിംഗ് (വാർഡ് 7) | 13 X266 =3458 | 13x281 =3653 | 195 | 73/3-8-2021 |
| 6 | ശോഭ ഐടിസി അംഗൻവാടി റോഡ് ടാറംങ്ങ്9.45%above | 7 X266 =1862 | 7x281=1967 | 105 | 298/07-03-2022 |
| 7 | തിരുനെല്ലൂർ കായൽറോഡ് റീടാറിംങ്ങ്-9.72%above | 8x266 =2128 | 8x281=2248 | 120 | 308/15-03-2022 |
| 8 | പനവേലിൽ നികർത്തിൽ റോഡ് ടാറിംങ്ങ്-9.45%above | 7x266 =1862 | 7 X281=1967 | 105 | 307/15-03-2022 |
| 9 | ചെങ്ങണ്ട എസ്എൻഡിപി റോഡ് ടാറിംങ്ങ്-9.73%above | 7x266=1862 | 7x281=1967 | 105 | 344/26-3-2022,345 /26-3-2022 |
| 10 | പുതുപ്പള്ളിക്കാവ് - കൊട്ടുംകാളിക്കൽ റോഡ് ടാറിംങ്ങ്-9.45%above | 7x266=1862 | 7x281=1967 | 105 | 299/07-03-2022 , 300/07-03-2022 |

| | | | | | |
|---|---|---|---|---|---|
| 11 | കാവുങ്കൽ കോപ്പുഴ റോഡ് മെറ്റലിംങ്ങ് ആൻറ് ടാറിംങ്ങ്-9.73%above | 4x266=1064 | 4x281=1124 | 60 | 309/15-03-2022 , 310/15-03-2022 |
| 12 | തൈക്കൂട്ടത്തിൽ റോഡ് മെറ്റലിംങ്ങ് ആൻറ് ടാറിംങ്ങ്-9.73%above | 2x266=532 | 2x281=562 | 30 | 311/15-03-2022 , 312/15-03-2022 |
| 13 | കണിച്ചേരി റോഡ് ടാറിംഗ് | 4x266=1064 | 4x281=1124 | 60 | 360/30-03-2022 |
| 14 | മൊട്ടേപ്പറമ്പ് - സെൻറ് ജോസഫ് ചർച്ച് റോഡ് ടാറിംങ്ങ്(സെക്കൻറ് റീച്ച്) | 8x266=2128 | 8x281=2248 | 120 | 313/15-03-2022 , 314/15-03-2022 |
| 15 | വടകരകായലറോഡ് പുനരുദ്ധാരണം(വാര്ഡ് 12) | 9x266=2394 | 9x281=2529 | 135 | 315/15-03-2022 |
| 16 | തൈക്കൂട്ടത്തിൽ റോഡ് ടാറിംങ്ങ് | 13x266=3458 | 13x281=3653 | 195 | 288/26-02-2022 , 287/26-02-2022 |
| 17 | തമ്പുരാങ്കൽ - കൃഷിഭവൻ റോഡ് | 10x266=2660 | 10x281=2810 | 150 | 71/03-08-2022 |
| 18 | കരോണ്ടുകടവ് തോട്ടുകടവ് റോഡ് ടാറിംങ്ങ് | 9x266=2394 | 9x281=2529 | 135 | 213/27-11-2022 |
| 19 | വടക്കുംകര പൊൻവിളങ്ങാട് റോഡ് ടാറിംങ്ങ് | 10x266=2660 | 10x281=2810 | 150 | 286/25-02-2022 |
| 20 | ചക്കുംകേരി - ചാത്തനാട്ട് അമ്പലംവഴി കുന്നതറ റോഡ് ടാറംങ്ങ് | 12x266=3192 | 12x281=3372 | 180 | 75/3-8-2021 |
| 21 | പ്ലാക്കിൽ കൊടിയാത്ത് റോഡ് ടാറിംങ്ങ് | 7x266=1862 | 7x281=1967 | 105 | 289/26-2-2022 |
| 22 | തോപ്പിൽ കുളത്തിച്ചിറ റോഡ് ടാറിംങ്ങ് | 17x266=4522 | 17x281=4777 | 255 | 297/7-8-2022 |
| 23 | എസ് എൻ ഡി പി ചെങ്ങണ്ട റോഡ് ടാറിംങ്ങ് | 12x266=3192 | 12x281=3372 | 180 | 70/3-8-2021 |
| | ആകെ | | | 2865 | |

ഗ്രാമപഞ്ചായത്തിൽ തൻവർഷം ചെയ്ത എല്ലാ ടാറിംഗ് പ്രവൃത്തികളിലും മേൽപ്പറഞ്ഞ പ്രകാരം കുറവു വന്ന 2865/- രൂപ കണ്ടെത്തി കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/10.1.2023) മറുപടി നൽകിയില്ല.

## 1-35 ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു

വികസന ഫണ്ട്/ റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്ത ടാർ വീപ്പയുടെ വില ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ( അക്കൗണ്ട് നമ്പർ 706071400000003) ഒടുക്കിയിരിക്കുന്നത്.

.

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കിയ ടാർ വീപ്പയുടെ വില | ഫണ്ടിനം | ചെലവു വിവരം |
|---|---|---|---|---|
| 1 | തൈച്ചിറ മാനാച്ചേരി റോഡ് ടാറിംഗ് | 8x266=2128 | മെയി.ഫണ്ട് | 359/30-3-2022 |
| 2 | ചെല്ലേഴത്ത് ഭാഗം റോഡ് ടാറിംഗ്-9.45%above | 6 X266 =1596 | മെയി.ഫണ്ട് | 355/30-3-2022 |
| 3 | അംഗൻവാടി കുറുപ്പാട്ടിൽ റോഡ് മെറ്റലിംഗ് | 5x266=1330 | മെയി.ഫണ്ട് | 342/26-3-2022,343 |

| | | | | |
|---|---|---|---|---|
| | ആന്റ് ടാറിംഗ്- 9.45% Above | | | /26-3-2022 |
| 4 | പ്രതീക്ഷക്കവല മേനോംകാട്ടിൽ റോഡ് ടാറിംഗ് (വാർഡ് 7) | 13 X266 =3458 | മെയി.ഫണ്ട് | 73/3-8-2021 |
| 5 | ചെങ്ങണ്ട എസ്.എൻ.ഡി.പി. റോഡ് ടാറിംഗ് 9.73% Above | 7x266=1862 | മെയി.ഫണ്ട് | 344/26-3-2022, 345/26-3-2022 |
| 6 | പുതുപ്പള്ളിക്കാവ് - കൊട്ടംകാളിക്കൽ റോഡ് ടാറിംഗ് -9.45% Above | 7x266=1862 | സി.എഫ്.സി. | 299/07-03-2022, 300/07-03-2022 |
| 7 | കാവുങ്കൽ കോപ്പുഴ റോഡ് മെറ്റലിംങ്ങ് ആൻറ് ടാറിംഗ്-9.73%above | 4x266=1064 | മെയി.ഫണ്ട് | 309/15-03-2022, 310/15-03-2022 |
| 8 | തൈക്കൂട്ടത്തിൽ റോഡ് മെറ്റലിംങ്ങ് ആന്റ് ടാറിംഗ്-9.73% Above | 2x266=5302 | മെയി.ഫണ്ട് | 311/15-03-2022, 312/15-03-2022 |
| 9 | കണിച്ചേരി റോഡ് ടാറിംഗ് | 4x266=1064 | മെയി.ഫണ്ട് | 360/30-03-2022 |
| 10 | മൊട്ടേപ്പറമ്പ് - സെന്റർ ജോസഫ് ചർച്ച് റോഡ് ടാറിംഗ് (സെക്കന്റ് റീച്ച്) | 8x266=2128 | സി.എഫ്.സി | 313/15-03-2022, 314/15-03-2022 |
| 11 | തൈക്കൂട്ടത്തിൽ റോഡ് ടാറിംഗ് | 13x266=3458 | മെയി.ഫണ്ട് | 288/26-02-2022, 287/26-02-2022 |
| 12 | കരോണ്ടുകടവ് തോട്ടുകടവ് റോഡ് ടാറിംഗ് | 9x266=2394 | സി.എഫ്.സി | 213/27-11-2022 |
| 13 | ചക്കംകേരി - ചാത്തനാട്ട് അമ്പലംവഴി കുന്നതറ റോഡ് ടാറിംഗ് | 12x266=3192 | മെയി.ഫണ്ട് | 75/3-8-2021 |
| 14 | പ്ലാക്കിൽ കൊടിയാത്ത് റോഡ് ടാറിംഗ് | 7x266=1862 | സി.എഫ്.സി | 289/26-2-2022 |
| 15 | തോപ്പിൽ കുളത്തിച്ചിറ റോഡ് ടാറിംഗ് | 17x266=4522 | സി.എഫ്.സി | 297/7-8-2022 |
| 16 | എസ് എൻ ഡി പി ചെങ്ങണ്ട റോഡ് ടാറിംഗ് | 12x266=3192 | മെയി.ഫണ്ട് | 70/3-8-2021 |

ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ തുക ചെലവഴിച്ചത് (വികസന ഫണ്ട്/ മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ.(പി)177/06 ധനം 12-04-06 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/5.1.2023) മറുപടി നൽകിയില്ല.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ഡി. & ഒ. ലൈസൻസ് - ലൈസൻസ് ഫീ കുറവ് ഈടാക്കി

2) ഡി. & ഒ. ലൈസൻസിനുള്ള താഴെപ്പറയുന്ന അപേക്ഷകനിൽ നിന്നും ലൈസൻസ് ഫീ കുറവായി ഈടാക്കിയതായി കാണുന്നു.

| അപേക്ഷകൻ /കെട്ടിട നം. | രസീത് നം. | തുക ഈടാക്കേണ്ടത് | തുക ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| ആലപ്പി ഫൈബർ ടഫ്റ്റ് പ്രൈ.ലി. - 7/510 - GIC Land | 1200101888/23.02.2021 | 10000 | 5000 | 5000 |

പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് നം. PCB/ALP /UCO-2478/12/30.10.19 പ്രകാരം മൂലധന നിക്ഷേപം 592 ലക്ഷം രൂപയാണ്. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 7, പട്ടിക II

പ്രകാരം 5 കോടിയലധികം മൂലധനനിക്ഷേപമുള്ള ടി സ്ഥാപനം മീഡിയം എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്.

ഈടാക്കുവാൻ ബാക്കി നില്ക്കുന്ന തുക ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം, സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ട്രേഡ് ഡിസ്കൗണ്ട് അനുവദിച്ചില്ല-അധികചെലവ്

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്രപരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ട്രേഡ് ഡിസ്കൗണ്ട് അനുവദിക്കണം. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ചു കൊണ്ടുള്ള 08.12.2015-ലെ ജി.ഒ(പി)നം.17/2015/പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിലും സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ 2021-22 സാമ്പത്തിക വർഷം, ജൂൺ 2021 ലെ തനത് ഫണ്ട് വൗച്ചർ നം.22100275 പ്രകാരം, മാതൃഭൂമി ദിനപത്രത്തിൽ നല്കിയ പരസ്യത്തിന്റെ പരസ്യ ചാർജിനത്തിൽ ട്രേഡ് ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പത്രസ്ഥാപനം | സ്ഥാപനത്തിൽ നിന്നുള്ള ബിൽ നം./തീയതി | ബിൽ തുക (SGST,CGST ഒഴികെ) | അർഹമായ ഡിസ്കൗണ്ട് (15%) | ബിൽ നം./തീയതി<br>ചെക്ക് നം./ തീയതി |
|---|---|---|---|---|
| മാതൃഭൂമി | 321000010878/<br>11.06.20 | 8320 | 1248 | ചെക്ക് നം.036844/16.06.21 |
| ആകെ | | | 1248/-രൂപ | |

അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നത് മൂലം 1248/-രൂപയുടെ അധികചെലവ് ഉണ്ടായിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/07.01.23) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക 1248/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| Block | 2021-22 | 52500 | പച്ചക്കറികൃഷി | 52500 | |
| | | 956000 | ലൈഫ് | 956000 | |
| | | 491400 | സ്കോളർഷിപ്പ് | 491400 | |
| | | 600000 | പാലിന് സബ്സിഡി | 600000 | |

| | | | | | |
|---|---|---|---|---|---|
| | | 100000 | ആശ്രയപദ്ധതി | 100000 | |
| TOTAL | | 21999000 | | 21999000 | |
| District | 2020-21 | 35000 | പഠനമുറി | 35000 | |
| | 2021-22 | 100000 | അംഗനവാടി പോഷകാഹാരം | 100000 | |
| | | 200000 | പാലിന് സബ്സിഡി | 200000 | |
| | | 448350 | സ്കോളർഷിപ്പ് | 448350 | |
| | | 100000 | അംഗൻവാടി പോഷകാഹാരം | 100000 | |
| Total | | 883350 | | 883350 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | പ്രോജക്റ്റ് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| PWD | ഓഫീസ് വയറിംഗ് | S0120/21 | 461200 | 0 | 461200 |
| KSEB | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | S0179/22 | 21814 | 0 | 21814 |
| KSEB | ചോളോത്ത് തോട് കൽവർട്ട് നിർമ്മാണം-പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | S0206/22 | 52000 | 0 | 52000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2420000/-രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO | ലഭ്യമല്ല | 2420000 | 63292081 | 5353333 | | 60358748 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡിക ഇല്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 24451632 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 76419667 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 5000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1248 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 7509963 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 5000 | | ശ്രീമതി.ശ്രീദേവി.കെ.ജി, സെക്രട്ടറി |
| 3-1 | | 1248 | ശ്രീമതി.ശ്രീദേവി.കെ.ജി, സെക്രട്ടറി |
| ആകെ | 5000 | 1248 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 96595 | ശ്രീമതി.ശ്രീദേവി.കെ.ജി. ,സെക്രട്ടറി |
| 1-22 | 500000 | ശ്രീമതി.ശ്രീദേവി.കെ.ജി.,സെക്രട്ടറി |
| 1-23 | 5846205 | ശ്രീ.പ്രശാന്ത്,വി.ഇ.ഓ. |
| 1-25(1) | 77012 | ഡോ.ശ്രീദേവി,<br>മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| 1-25(2) | 16201 | ഡോ.ലക്ഷ്മി മോഹൻ, |

| | | |
|---|---|---|
| | | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) |
| 1-25(3) | 15546 | ഡോ.ലക്ഷ്മി മോഹൻ,<br>മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) |
| 1-28 | 21814 | ശ്രീമതി.ശ്രീദേവി.കെ.ജി,സെക്രട്ടറി |
| 1-29 | 52000 | ശ്രീമതി.ശ്രീദേവി.കെ.ജി,സെക്രട്ടറി |
| 1-30 | 825000 | ശ്രീ.ഷറഫുദ്ദീൻ.സി.എം,വെറ്ററിനറി സർജൻ |
| 1-31 | 59590 | ശ്രീമതി.ശ്രീദേവി.കെ.ജി,സെക്രട്ടറി |
| ആകെ | 7509963 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീദേവി .കെ.ജി സെക്രട്ടറി | സെക്രട്ടറി, ചേന്നംപള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് | രാഘവീയം, നദുവത്ത് നഗർ, ചേർത്തല |
| ഡോ.ലക്ഷ്മി മോഹൻ, മെഡിക്കൽ ഓഫീസർ, PHC | മെഡിക്കൽ ഓഫീസർ, PHC, ചേന്നംപള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് | ഗോവിന്ദം CMC-3, കിഴക്കേനാൽപ്പത്, കുറുപ്പൻ കുളങ്ങര പി.ഒ ,ചേർത്തല |
| ശ്രീ.ഷറഫുദ്ദീൻ.സി.എം, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, ചേന്നംപള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് | സോഫിയ ഗ്രീൻസ്, അശോകപുരം പി.ഒ ,ആലുവ |
| ഡോ.ശ്രീദേവി, മെഡിക്കൽ ഓഫീസർ(ഹോമിയോ) | മെഡിക്കൽ ഓഫീസർ(ഹോമിയോ) ചേന്നംപള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് | വര്യാത്ത് മഠം, സി.എം.സി.12, മരുത്തോർവട്ടം |
| ശ്രീ.പ്രശാന്ത്, വി.ഇ.ഓ | വി.ഇ.ഓ, തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത് | ചക്കാലവെളി, ചേർത്തല സൗത്ത് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 മുതൽ 2005-06 വരെ | എൽ .എഫ്.ജി.എ 5 -1832/11 തീയതി 20.01.2012 |
| 2006-07 | എൽ .എഫ്..എ16-943/10 തീയതി 18-03-11/31.03.2011 |
| 2007-08 | എൽ .എഫ്..എ16-944/10 തീയതി 18-03-11/31.03.2011 |
| 2008-09 | എൽ .എഫ്.എ.പി-9- 1340/11 തീയതി 18-4-11/03.07.2012 |
| 2009-10 | എൽ .എഫ്.എ.പി-9- 1341/11 തീയതി 18-4-11/03.07.2012 |
| 2010-11 &11-12 | എൽ .എഫ്.എ.പി-9- 20/13 തീയതി 18-02-13/26.06.2013 |
| 2012-13 | എൽ .എഫ്.എ.പി-9- 140/13 തീയതി 01.09.2014 |
| 2013-14 | കെ.എസ്.എ - എ.എൽ.പി പി.9-1570/15 തീയതി 11.12.15/30.12.2015 |
| 2014-15 | കെ.എസ്.എ – എ.എൽ.പി പി.9- 817/2016 തീയതി 27.07.2016 |
| 2015-16 | കെ.എസ്.എ. എ.എൽ.പി പി.9- 306/2016തീയതി 08.12.2016 |
| 2016-17 | കെ.എസ്.എ. എ.എൽ.പി പി.9- 1016/2017 തീയതി 28.07.2017 |
| 2017-18 | കെ.എസ്.എ. എ.എൽ.പി പി.9- 62/2019 തീയതി 10.01.2019 |
| 2018-19 | കെ.എസ്.എ. എ.എൽ.പി പി.9- 771/2019 തീയതി 19.09.2019 |
| 2019-20 | കെ.എസ്.എ. എ.എൽ.പി പി.1- 195/2022 തീയതി 27.03.2022 |
| 2020-2021 | കെ.എസ്.എ. എ.എൽ.പി പി.1- 718/2022/തീയതി 16.07.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്